**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2482** **24-06-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രത്തിന്റെ സാമ്പത്തിക അവഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കടന്നാക്രമണം ദീർഘകാലമായി സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,000 കോടിയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്. |
| (ബി) | സംസ്ഥാനത്തിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടായിട്ടും തനത് വരുമാനം ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചും ശരിയായ ധന മാനേജ്മെന്റ് വഴിയും ഈ പ്രതിസന്ധികളെ മറികടക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും |

| | | | |
|---|---|---|---|
| | | | ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.<br><br>കേരളം മാനവ വിഭവശേഷി വികസനത്തിനും ജനങ്ങളുടെ വരുമാന വർദ്ധനവിനും ജീവനോപാധിയിലും നടത്തിയ നിക്ഷേപത്തിന്റെ പ്രതിഫലനമാണ് സംസ്ഥാനത്തിനു ലഭിച്ച അംഗീകാരങ്ങൾ. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച്, കേരളമാണ് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം (0.002 ശതമാനം) കാഴ്ച്ചവെച്ച സംസ്ഥാനം. ഉയർന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര വരുമാനമുള്ള ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളമുണ്ട്. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം 2022-23 ൽ 6.06 ശതമാനം വർദ്ധിച്ച് 1,74,214 രൂപയായി ഇത് ദേശീയ ശരാശരിയായ 1,15,746 രൂപയേക്കാൾ കൂടുതലാണ്.<br><br>സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് കണക്കുകൾ പ്രകാരം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനം തനതു വിലയിൽ 12.24 ശതമാനവും സ്ഥിര വിലയിൽ 6.92 ശതമാനവും വളർച്ചയാണ് കൈവരിച്ചത്. സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ സർക്കാർ കാണിക്കുന്ന പ്രാധാന്യം ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പുതിയ ജി.എസ്.ടി. സംവിധാനം അനുസരിച്ച് ജി.എസ്.ടി. വകുപ്പിനെ പുന:സംഘടിപ്പിച്ചതിന്റെ ഫലമായി 2020-21 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വളർച്ചയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2020-21 നെ അപേക്ഷിച്ച് 2021-22 ൽ 22.41 ശതമാനത്തിന്റെയും 2021-22 നെ അപേക്ഷിച്ച് 2022-23 ൽ 23.36 ശതമാനത്തിന്റെയും വർദ്ധനവാണുണ്ടായിട്ടുള്ളത്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് പ്രകാരം 2021-22 മുതൽ 2022-23 വരെയുള്ള സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനവും ആകെ നികുതി വരുമാനവും തമ്മിലുള്ള അനുപാതം ദേശീയതലത്തിൽ ശരാശരി 65.4 ശതമാനമായിരിക്കുമ്പോൾ കേരളത്തിന്റേത് 78.7 ശതമാനമാണ്. |
| (ഡി) | കേന്ദ്രം ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ വരുത്തിയ വീഴ്ചയും റവന്യൂ കമ്മി ഗ്രാന്റിൽ വരുത്തിയ കുറവും സംസ്ഥാനത്തെ എത്രത്തോളം സാമ്പത്തികമായി ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്നത്, 2017 ആഗസ്റ്റിന് ശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവ മൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,000 കോടിയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ